No. M1. 1552/2024 Dated: 08/04/2024

# ടെണ്ടർ

തൃശ്ശൂർ പൂരം 2024 ശ്രീവടക്കുംനാഥൻ ക്ഷേത്രമൈതാനിയിൽ പൂരത്തോടനുബന്ധിച്ച് ഏപ്രിൽ 17 മുതൽ ഏപ്രിൽ 20 കൂടി ചെറുകിട കച്ചവടം നടത്തുന്നതിന് ടെണ്ടറുകൾ ക്ഷണിക്കുന്നു. ക്ഷേത്രമൈതാനം, മണികണ്ഠനാൽ പരിസരം, നായ്ക്കനാൽ റോഡ് വശങ്ങൾ, പാർക്കിനോട് ചേർന്നുള്ള റോഡ്, തെക്കേ ഗോപുര നടയുടെ ഇരുവശവും ചെറുകിട കച്ചവടം നടത്താവുന്നതാണ്. ടെണ്ടർ കവറിനു പുറത്ത് **"തൃശ്ശൂർ പൂരം ചെറുകിട കച്ചവടം"** എന്ന് രേഖപ്പെടുത്തേണ്ടതാണ്. ടെണ്ടറുകൾ ശ്രീവടക്കുംനാഥൻ ദേവസ്വം ഓഫീസിൽ 12/04/2024 ന് 2.00 പി.എം വരെ സ്വീകരിക്കുന്നതാണ്. ടെണ്ടറുകൾ അന്നേദിവസം 3.00 പി.എം ന് ഹാജരായിട്ടുള്ളവരുടെ സാന്നിധ്യത്തിൽ തുറന്ന് രേഖപ്പെടുത്തുന്നതാണ്. കൂടുതൽ സംഖ്യക്ക് ടെണ്ടർ സമർപ്പിച്ച വ്യക്തി/സ്ഥാപനം പേരിൽ ടെണ്ടർ ഉറപ്പിക്കുന്നതാണ്. ടെണ്ടർ ഗുണകരമല്ലെന്ന് കാണുന്നപക്ഷം ടെണ്ടർ നടപടികൾ നിർത്തി വെക്കുന്നതിനും, അസാധുവാക്കുന്നതിനും, മറ്റു യുക്തമായ തീരുമാനമെടുക്കുന്നതിനും താഴെ ഒപ്പിട്ട ഉദ്യോഗസ്ഥന് അധികാരമുണ്ടായിരിക്കുന്നതാണ്. ടെണ്ടറിനെ കുറിച്ച് കൂടുതൽ വിവരങ്ങൾ അറിയുന്നതിന് ഓഫീസ് സമയങ്ങളിൽ ഈ ഓഫീസുമായോ, ശ്രീവടക്കുന്നാഥൻ ദേവസ്വം ഓഫീസുമായോ ബന്ധപ്പെടാവുന്നതാണ്. നിബന്ധനകൾ താഴെ ചേർക്കുന്നു.

## നിബന്ധനകൾ

1) കച്ചവടം നടത്തുന്നതിനാവശ്യമായ സർക്കാർ ലൈസൻസുകളും മറ്റും ടെണ്ടർ കൊണ്ട വ്യക്തിയുടെ സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും ലഭ്യമാക്കേണ്ടതാണ്.

2) ക്ഷേത്രാചാരങ്ങൾക്കോ, ചടങ്ങുകൾക്കോ, ഭക്തജനങ്ങൾക്കോ തടസ്സം വരാത്ത വിധം ടെണ്ടർ/ലേലം കൊണ്ടയാൾ കച്ചവടം നടത്തേണ്ടതാണ്.

3) ടെണ്ടർ/ലേലം കൊണ്ട വ്യക്തി ഗ്രീൻ പ്രോട്ടോകോൾ പാലിച്ചു കൊണ്ടും മാലിന്യ നിർമ്മാർജനത്തിനുള്ള ഫീസ് കോർപ്പറേഷനിൽ അടച്ചും കച്ചവടം നടത്തേണ്ടതാണ്. കോർപ്പറേഷൻ ഹരിതകർമ്മസേന നൽകുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതുമാണ്.

4) പൂരത്തോടനുബന്ധിച്ചുള്ള ചടങ്ങുകൾക്കും മറ്റും തടസ്സം വരാത്ത വിധം കച്ചവടം നടത്തേണ്ടതാണ്.

5) ക്ഷേത്രമൈതാനിയിലെ സ്ഥിരം കച്ചവടം നടത്തുന്ന വ്യക്തികളിൽ നിന്നും, കൂടാതെ ശ്രീവടക്കുംനാഥൻ ക്ഷേത്ര ഉപദേശക സമിതി, ദേവസ്വം ബോർഡ് ഉത്തരവു പ്രകാരം സൗജന്യമായി നടത്തുന്ന സംഭാരം, കുടിവെള്ള വിതരണം എന്നിവരിൽ നിന്നും യാതൊരു വിധ സംഖ്യയും ഈടാക്കാൻ പാടുള്ളതല്ല.

6) സസ്യേതരഭക്ഷണ പദാർത്ഥങ്ങൾ മൈതാനത്ത് കച്ചവടം നടത്താൻ പാടുള്ളതല്ല.

7) ടെണ്ടർ സമർപ്പിക്കുന്ന വ്യക്തി നിരതദ്രവ്യമായി 50,000/- രൂപയുടെ DD (കൊച്ചിൻ ദേവസ്വം ബോർഡ് സെക്രട്ടറിയുടെ പേരിൽ തൃശ്ശൂരിൽ മാറുവുന്നത്) ടെണ്ടറിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

8) മൈതാനത്ത് പൂരത്തോടനുബന്ധിച്ചുള്ള സുരക്ഷയുടെ ഭാഗമായി പോലീസ് ഏർപ്പെടുത്തുന്ന നിയന്ത്രണങ്ങൾക്ക് വിധേയമായി മാത്രം കച്ചവടം നടത്തേണ്ടതാണ്.

9) ടെണ്ടർ ലഭിക്കുന്ന വ്യക്തി ടെണ്ടർ സംഖ്യ നിയമാനുസൃത ജി.എസ്.ടി അടക്കം ശ്രീവടക്കുന്നാഥൻ ദേവസ്വത്തിൽ ഉടൻ ഒറ്റ തവണയായി അടച്ച് രശീതി കൈപ്പറ്റേണ്ടതാണ്.

10) നിരതദ്രവ്യമായി അടക്കുന്ന 50,000/- രൂപ കച്ചവടത്തിന് ശേഷം ബാധ്യതകളൊന്നും ഇല്ലെന്ന് ഉറപ്പ് വരുത്തി മാത്രം പലിശരഹിതമായി നൽകുന്നതാണ്.

11) എക്സിബിഷൻ പാർക്കിംഗ് സ്ഥലത്ത് യാതൊരു കാരണവശാലും ചില്ലറ കച്ചവടം അനുവദിക്കുന്നതല്ല.

12) മേൽ പറഞ്ഞ നിബന്ധനകൾ ഉൾപ്പെടുത്തി 200/- രൂപയുടെ മുദ്രപത്രത്തിൽ ഒരു കരാർ തയ്യാറാക്കി ഒപ്പ് വെച്ച് ദേവസ്വം മാനേജർക്ക് സമർപ്പിക്കേണ്ടതാണ്. ഈ ടെണ്ടർ ദേവസ്വത്തിന് ഗുണകരമല്ലെന്ന് കണ്ടാൽ നിർത്തി വെക്കുന്നതിനും, വേണ്ടെന്ന് വെക്കുന്നതിനും, മറ്റ് യുക്തമെന്ന് തോന്നുന്ന നടപടി സ്വീകിക്കുന്നതിനും താഴെ ഒപ്പ് വെക്കുന്ന ആൾക്ക് പരിപൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്.

Resmi

For **ദേവസ്വം അസിസ്റ്റന്റ് കമ്മീഷണർ**
തൃശ്ശൂർ ഗ്രൂപ്പ്